● അബ്ദുൽ അസീസ് അൻസാരി പൊന്മുണ്ടം

# പ്രവാചകന്റെ അന്ത്യോപദേശങ്ങളും സമകാലിക മുസ്‌ലിം സമൂഹവും

**വിശ്വാസികളുടെ** ജീവിതത്തിൽ സ്വന്തം ജീവനെക്കാൾ വേണ്ടപ്പെട്ടവനും പ്രിയപ്പെട്ടവനുമത്രെ പ്രവാചകൻ. അവരുടെ നേതാവും നായകനും മാർഗദർശിയും മാതൃകാ പുരുഷനും അദ്ദേഹമാണ്. അനുനിമിഷം അനുധാവനം ചെയ്യേണ്ടത് ആ ജീവിത മാതൃകയാണ്. 'ദൈവദൂതൻ നിങ്ങൾക്ക് കൊണ്ടു തന്നതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. അദ്ദേഹം നിങ്ങൾക്ക് വിലക്കിയതെന്തോ അതിൽനിന്ന് അകന്ന് നിൽക്കുകയും ചെയ്യുക' (*അൽ ഹശ്ർ*: 7) എന്നാണ് അല്ലാഹു ആജ്ഞാപിച്ചിരിക്കുന്നത്.

വിവിധ സന്ദർഭങ്ങളിൽ ആ മാതൃകാ ജീവിതത്തെക്കുറിച്ച് നാം കേൾക്കുകയും പഠിക്കുകയും ചെയ്യാറുണ്ട്. ചിലരെങ്കിലും അദ്ദേഹം നിർദേശിക്കാത്ത രൂപത്തിൽ അനുസ്മരണങ്ങളും സ്നേഹപ്രകടനങ്ങളും സംഘടിപ്പിക്കാറുമുണ്ട്. പക്ഷേ, നമുക്ക് വിലപ്പെട്ട കുറേ പാഠങ്ങൾ ലഭിക്കുന്ന പ്രവാചകന്റെ അവസാന നിമിഷങ്ങളെക്കുറിച്ച്, ആ അവസരത്തിൽ അദ്ദേഹം നൽകിയ അർഥവത്തായ ഉപദേശങ്ങളെക്കുറിച്ച് ഗൗരവമായ താക്കീതുകളെക്കുറിച്ച് പലപ്പോഴും നാം ശ്രദ്ധിക്കാതെ പോകുന്നു. ആ മാതൃകാ ജീവിതത്തെ പൂർണമായും അനുധാവനം ചെയ്യണമെന്ന് ഖുർആൻ അനുശാസിച്ചിട്ടുണ്ടെങ്കിൽ, അദ്ദേഹത്തിന്റെ അവസാന നാളുകളെയും നാം മാതൃകയാക്കുകയും പിന്തുടരുകയും ചെയ്യേണ്ടതുണ്ട്.

### വിടവാങ്ങുന്നതിന്റെ സൂചനകൾ

പ്രവാചകന് തന്റെ മരണ സമയം എപ്പോഴാണെന്ന് കൃത്യമായി അറിയില്ലായിരുന്നെങ്കിലും തന്റെ ദൗത്യം പൂർത്തീകരിക്കപ്പെടുകയും ദീൻ വിജയിക്കുകയും ചെയ്തപ്പോൾ മരണം അടുത്തിരിക്കുന്നു എന്ന് അദ്ദേഹം ഉറപ്പിച്ചിരുന്നു. ഇഹലോകത്തോടും അതിലെ ജീവിതത്തോടുമുള്ള വേർപാടിന്റെ സൂചനകൾ അദ്ദേഹത്തിന്റെ വാക്കുകളിലും പ്രവൃത്തികളിലും പ്രകടമായിരുന്നു.

ഹി. 10-ാം വർഷത്തിൽ മുആദ്ബിൻ ജബൽ(റ)നെ യമനിലേക്ക് തന്റെ ദൂതനായി നിയോഗിച്ചയച്ചപ്പോൾ നിർദേശങ്ങൾ നൽകിയ കൂട്ടത്തിൽ ഇത്രകൂടി പറഞ്ഞിരുന്നു. 'അല്ലയോ മുആദ്, ഈ വർഷത്തിനു ശേഷം താങ്കൾക്ക് എന്നെ കാണാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. താങ്കൾ പോയി മടങ്ങിവരുമ്പോൾ, ഒരു പക്ഷേ ഈ പള്ളിയുടെയും എന്റെ ഖബ്‌റിന്റെയും സമീപത്തുകൂടിയായിരിക്കും താങ്കൾക്ക് നടക്കേണ്ടി വരിക.' അത് കേട്ട് മുആദ് കരഞ്ഞു (*അൽ ബിദായ വന്നിഹായ*).

സാധാരണ റമദാനിൽ പത്തു ദിവസം ഇഅ്തികാഫിരിക്കാറുണ്ടായിരുന്ന റസൂൽ അവസാന വർഷം ഇരുപതു ദിവസം ഇഅ്തികാഫിരുന്നു (ബുഖാരി). സാധാരണ റമദാനിൽ ജിബ്‌രീൽ, നബിയുടെ ഖുർആൻ മനഃപാഠം ഒരു പ്രാവശ്യമായിരുന്നു പരിശോധിക്കാറുണ്ടായിരുന്നതെങ്കിൽ, അവസാന റമദാനിൽ രണ്ടു പ്രാവശ്യം പരിശോധിക്കുകയും തെറ്റില്ലെന്ന് ഉറപ്പുവരുത്തുകയുമുണ്ടായി. ഈ സംഭവത്തിലും പ്രവാചകന്റെ മരണമടുത്തതിന്റെ സൂചനകൾ സൂക്ഷ്മ ദൃഷ്ടികൾക്ക് കണ്ടെത്താം.

### വിടവാങ്ങൽ പ്രഭാഷണത്തിലെ വസ്വിയ്യത്ത്

ഹിജ്റ 10-ാം വർഷം ഹജ്ജത്തുൽ വിദാഇൽ 1,25,000-ഓളം വരുന്ന തന്റെ അനുയായികളെ ദുൽഹജ്ജ് 9-ന് അറഫയിൽവെച്ച് അഭിസംബോധന ചെയ്തപ്പോൾ പ്രസ്തുത പ്രഭാഷണം ആരംഭിച്ചത് 'ജനങ്ങളേ, എന്റെ വാക്കുകൾ ശ്രദ്ധിച്ചു കേൾക്കുക. ഈ വർഷത്തിനു ശേഷം നിങ്ങളുമായി ഇതേ സ്ഥലത്തു സന്ധിക്കുവാൻ എനിക്ക് കഴിഞ്ഞെന്നു വരില്ല' എന്നു പറഞ്ഞു കൊണ്ടായിരുന്നു. പ്രവാചകൻ അനുയായികളോട് വിട ചോദിക്കുകയായിരുന്നു എന്നർഥം. മുസ്‌ലിംകളുടെ വൈയക്തികവും കുടുംബപരവും സാമൂഹികവുമായ ജീവിതത്തിൽ അവശ്യം പാലിക്കേണ്ട സുപ്രധാനമായ കുറെ നിർദേശങ്ങൾ നൽകിയ ആ പ്രഭാഷണം അവസാനിപ്പിച്ചപ്പോൾ ദീൻ പൂർത്തീകരിക്കപ്പെട്ടതായി പ്രഖ്യാപിക്കുന്ന വിശുദ്ധ ഖുർആൻ സൂക്തം അവതരിച്ചു. 'ഇന്നു ഞാൻ നിങ്ങളുടെ ദീൻ നിങ്ങൾക്ക് സമ്പൂർണമാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങളിൽ തികയ്ക്കുകയും, നിങ്ങൾക്കുവേണ്ടി ഇസ്‌ലാമിനെ ദീൻ എന്നനിലയിൽ ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.' *അൽ മാഇദ* അധ്യായത്തിലെ പ്രസ്തുത സൂക്തം പ്രവാചകൻ പാരായണം ചെയ്യുന്നത് കേട്ട ഉമർ(റ) കരഞ്ഞു. ഒരാൾ ചോദിച്ചു. 'എന്താണ് ഉമർ താങ്കൾ കരയുന്നത്?' ഉമറിന്റെ മറുപടി: 'ഒരു കാര്യം പൂർണമായിക്കഴിഞ്ഞിരിക്കെ ഇനിയതിൽ വല്ല കുറവും വരികയല്ലാതെ മറ്റെന്താണ് സംഭവിക്കാനിരിക്കുന്നത്? ആ ചിന്തയാണ് എന്നെ കരയിപ്പിച്ചത്' (ഖുർത്വുബി). ദീനിന്റെ പൂർത്തീകരണം പ്രവാചകന്റെ വിടവാങ്ങലിന്റെ സൂചനയായി അദ്ദേഹം തിരിച്ചറിഞ്ഞു.

പ്രസ്തുത പ്രഭാഷണം അവസാനിപ്പിച്ചുകൊണ്ട് നബി(സ) ചോദിച്ചു: 'ഞാൻ ഈ സന്ദേശം നിങ്ങൾക്കെത്തിച്ചു തന്നില്ലയോ?' ജനങ്ങൾ ഒന്നടങ്കം വിളിച്ചു

പറഞ്ഞു: 'അതെ, അല്ലാഹുവിന്റെ ദൂതരെ താങ്കൾ എത്തിച്ചു തന്നിട്ടുണ്ട്.' അതു കേട്ട് ആകാശത്തേക്ക് കരങ്ങളുയർത്തി നബി(സ) പറഞ്ഞു: 'അല്ലാഹുവേ നീ ഇതിന് സാക്ഷ്യം വഹിക്കേണമേ.' വീണ്ടും ചോദിക്കുന്നു: 'അല്ലാഹുവിന്റെ മുമ്പിൽ വെച്ച് എന്നെ സംബന്ധിച്ച് നിങ്ങളോടു ചോദിച്ചാൽ എന്തായിരിക്കും നിങ്ങളുടെ മറുപടി?' സ്വഹാബിമാർ പ്രതികരിച്ചു: 'അങ്ങ് അല്ലാഹുവിന്റെ സന്ദേശം എത്തിച്ചു തന്നുകൊണ്ട് ആ ബാധ്യത നിർവഹിക്കുകയും ഈ സമൂഹത്തെ ഗുണദോഷിക്കുകയും ചെയ്തിരിക്കുന്നു വെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കും.' അപ്പോൾ നബി വീണ്ടും ആകാശത്തേക്ക് കരങ്ങളുയർത്തി: 'അല്ലാഹുവേ, നീ സാക്ഷി...' മൂന്നുപ്രാവശ്യം ആവർത്തിച്ചു(മുസ്‌ലിം).

ഇതു പറയുമ്പോൾ അദ്ദേഹത്തിന്റെ മുഖം വിവർണമായിരുന്നു. വാക്കുകൾ ഇടറുന്നുണ്ടായിരുന്നു. തേങ്ങിക്കരഞ്ഞുകൊണ്ടാണ് നബി(സ) അത് പൂർത്തിയാക്കിയത്. അല്ലാഹു തന്നെ ഏൽപിച്ച ഉത്തരവാദിത്വം പൂർത്തീകരിച്ചു എന്ന് സമാധാനിക്കാനും വീട്ടിൽ അടങ്ങിയിരിക്കാനും അദ്ദേഹത്തിനായില്ല. പരലോകത്ത് തനിക്കെതിരായ സമൂഹത്തിന്റെ മറുപടി പേടിച്ചു. ആ അവസ്ഥ വന്നെത്തുന്നതിനു മുമ്പ് ഇഹലോകത്ത് വെച്ചു തന്നെ തന്റെ സമുദായത്തെക്കൊണ്ട് തനിക്ക് അനുകൂലമായി സാക്ഷ്യം വഹിപ്പിക്കുകയാണ് നബി(സ) ചെയ്തത്. ശേഷം താനുൾപ്പെടെയുള്ള ലക്ഷക്കണക്കിനു പ്രവാചകന്മാർ അതുവരെ നിർവഹിച്ച ഉത്തരവാദിത്വം തന്റെ അനുയായികൾക്ക് കൈമാറി. നബി പറഞ്ഞു: 'അറിയുക, ഇപ്പോഴിവിടെ ഹാജറുള്ളവർ ഹാജറില്ലാത്തവർക്ക് ഈ സന്ദേശം കൈമാറണം.'

**നമുക്ക് വിലപ്പെട്ട കുറേ പാഠങ്ങൾ ലഭിക്കുന്ന പ്രവാചകന്റെ അവസാന നിമിഷങ്ങളെക്കുറിച്ച്, ആ അവസരത്തിൽ അദ്ദേഹം നൽകിയ അർഥവത്തായ ഉപദേശങ്ങളെക്കുറിച്ച് ഗൗരവമായ താക്കീതുകളെക്കുറിച്ച് പലപ്പോഴും നാം ശ്രദ്ധിക്കാതെ പോകുന്നു. ആ മാതൃകാ ജീവിതത്തെ പൂർണമായും അനുധാവനം ചെയ്യണമെന്ന് ഖുർആൻ അനുശാസിച്ചിട്ടുണ്ടെങ്കിൽ, അദ്ദേഹത്തിന്റെ അവസാന നാളുകളെയും നാം മാതൃകയാക്കുകയും പിന്തുടരുകയും ചെയ്യേണ്ടതുണ്ട്**

ഒരു വസിയ്യത്ത് എന്ന നിലക്ക് പ്രവാചകൻ ഏൽപിച്ച ഈ ഉത്തരവാദിത്വം നിറവേറ്റുകയാണ് മുസ്‌ലിം സമൂഹത്തിന്റെ ബാധ്യത. അത് നിർവഹിക്കുമ്പോഴാണ് ഉത്തമസമുദായം, മധ്യമസമുദായം തുടങ്ങിയ ഖുർആനിക വിശേഷണങ്ങൾക്ക് അവർ അർഹരാകുന്നത്. ദേശീയമോ വംശീയമോ ആയ ഒരു ആൾക്കൂട്ടമല്ല മുസ്‌ലിംകൾ. സത്യവിശ്വാസം സാക്ഷാത്കരിക്കാൻ പരിശ്രമിക്കുന്ന ഒരാദർശ പ്രസ്ഥാനമായി നിലകൊള്ളേണ്ടവരാണ്. എങ്കിലേ വിജയികളാവൂ. 'ജനങ്ങളെ നല്ലതിലേക്ക് പ്രബോധനം ചെയ്യുകയും ധർമം കൽപിക്കുകയും അധർമം വിലക്കുകയും ചെയ്യുന്ന ഒരു സംഘമായി മാറേണ്ടതുണ്ട് നിങ്ങൾ. ഈ ദൗത്യം നിർവഹിക്കുന്നവരാരോ അവരാകുന്നു വിജയം വരിക്കുന്നവർ' (*ആലു ഇംറാൻ*: 104).

ധർമ സംസ്ഥാപനം, അധർമ നിർമാർജനം എന്ന ബാധ്യതയിൽനിന്ന് പിന്നോട്ടു പോകുന്ന പക്ഷം മുസ്‌ലിംകളെയും കാത്തിരിക്കുന്നത് ഇസ്രയേൽ സമൂഹത്തിന്റെ വിധി തന്നെയായിരിക്കും. നിരവധി സൂക്തങ്ങളിലൂടെ ഖുർആൻ നമ്മെ ഓർമപ്പെടുത്തുന്ന വസ്തുതയാണിത്. തങ്ങൾ ഇസ്രാഈല്യരുടെ അതേ നിലയിലേക്ക്, ചില കാര്യങ്ങളിൽ അവരേക്കാൾ മോശമായ നിലയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന സത്യം മനസ്സിലാക്കാൻ മുസ്‌ലിം സമുദായം ഇനിയും തയാറല്ല. അതുകൊണ്ടു തന്നെ അവർ ഇന്നനുഭവിക്കുന്ന നിന്ദ്യതയുടെ കാരണമെന്തെന്ന് ചിന്തിക്കുന്നുമില്ല. എന്നാൽ മുസ്‌ലിം സമുദായത്തിന്റെ യഥാർഥ ലക്ഷ്യത്തേയും മാർഗത്തേയും സംബന്ധിച്ച് ബോധമുള്ള വ്യക്തികളോ സംഘങ്ങളോ സമുദായത്തിൽ എന്നുമുണ്ടായിട്ടുണ്ട്, ഇന്നുമുണ്ട്. പൂർവകാലത്ത് പ്രവാചകന്മാർ നിർവഹിച്ച ദൗത്യം ഏറ്റെടുത്തവർ. അവരെ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്നതിനെ ആശ്രയിച്ചിരിക്കുന്നു മുസ്‌ലിം സമുദായത്തിന്റെ ഭാവി.

ഉത്തമ സമുദായം, ദൈവത്തിന്റെ പ്രതിനിധികൾ, സത്യസാക്ഷികൾ എന്നീ വിശേഷണങ്ങളിൽ ഏതെങ്കിലുമൊന്നിനു ഇന്നവർ അർഹരാണോ? അല്ലെന്നു പറയാൻ ആർക്കും മടിയുണ്ടാവില്ല. മുസ്‌ലിം സമുഹത്തെ ഉത്തമമാക്കിയത് അതിന്റെ സവിശേഷമായ ആദർശ ലക്ഷ്യങ്ങളും സംസ്കാരങ്ങളുമാണ്. അതാണവരുടെ മുഖമുദ്ര. ഈ ലക്ഷ്യവും സംസ്കാരവും സ്വീകരിച്ച് അല്ലാഹുവിന്റെ പ്രാതിനിധ്യമേറ്റെടുത്ത് ലോകത്തിനു മുന്നിൽ സത്യസാക്ഷ്യം നിർവഹിക്കുകയാണ് അവരുടെ നിലനിൽപിന്റെ ന്യായം. ഈ കർത്തവ്യ നിർവഹണത്തിനായി ആത്മാർഥതയോടെ മുന്നോട്ടു വരുമ്പോഴേ, പ്രവാചകന്റെ വസിയ്യത്ത് പൂർത്തീകരിക്കുമ്പോഴേ, അവശതകൾ അകറ്റുവാനും നിന്ദ്യതക്കും നിസ്സഹായതക്കും അറുതി വരുത്താനും കഴിയൂ. ഇതിലേക്കുള്ള തിരിച്ചുപോക്ക് മാത്രമാണ് മുസ്‌ലിം സമൂഹത്തിന്റെ ക്ഷേമത്തിന്റെയും സൗഭാഗ്യത്തിന്റെയും ആധാരം. ആ ആധാരത്തിന്മേൽ മാത്രമേ മുസ്‌ലിം സമുദായത്തിനു ശോഭനമായ ഭാവി കെട്ടിപ്പടുക്കാൻ കഴിയൂ.

ഇതേ ഹജ്ജിൽ ജംറത്തുൽ അഖബയുടെ സമീപത്തെത്തിയപ്പോൾ നബി അനുയായികളോട് പറഞ്ഞു: 'നിങ്ങളുടെ കർമങ്ങൾ എന്നിൽനിന്ന് നിങ്ങൾ മനസ്സിലാക്കുക. ഈ വർഷത്തിനു ശേഷം ഒരു പക്ഷേ, ഞാൻ ഹജ്ജ് ചെയ്തില്ലെന്നു വരാം.' തുടർന്നുള്ള അയ്യാമുത്തശ്‌രീഖിന്റെ രാവുകളിലൊന്നിൽ ഇസ്‌ലാമിന്റെ വിജയം പ്രഖ്യാപിക്കുന്ന *സൂറത്തുന്നസ്ർ* അവതരിച്ചപ്പോൾ നബി(സ) പറഞ്ഞു: 'എന്റെ മരണ വൃത്താന്തം എനിക്കറിയിക്കപ്പെട്ടിരിക്കുന്നു. ദുൻയാവിൽനിന്ന് അടുത്തുതന്നെ ഞാൻ യാത്ര തിരിക്കുന്നതാണ്.' അതുകേട്ട് മകൾ ഫാത്വിമ(റ) കരഞ്ഞപ്പോൾ സമാധാനിപ്പിച്ചുകൊണ്ട് നബി പറഞ്ഞു: 'കരയേണ്ടതില്ല. എന്റെ കുടുംബത്തിൽനിന്ന് ആദ്യമായി എന്നോടു ചേരുക നീയായിരിക്കും.' അതുകേട്ട് അവർ പുഞ്ചിരിച്ചു (ഇബ്നു മർദവൈഹി, ബൈഹഖി).

### ഭൗതിക ഭ്രമത്തെക്കുറിച്ച താക്കീത്

ഹി. 11-ാം വർഷം സ്വഫർ മാസ

ത്തിലെ ആദ്യനാളുകളിലൊന്നിൽ ഉഹ്ദിൽപോയി അവിടെ ഖബറടക്കപ്പെട്ട വർക്കു വേണ്ടി നബി(സ) പ്രാർഥിച്ചു. പിന്നീട് മിമ്പറിൽ കയറി അനുയായിക ളോട് പറഞ്ഞു: 'ഞാൻ നിങ്ങളുടെ മുമ്പേ പോകുന്നു. ഞാൻ നിങ്ങൾക്ക് സാക്ഷിയാ ണ്. അല്ലാഹുവാണ് സത്യം, ഇപ്പോൾ ഞാനെന്റെ സങ്കേതത്തിലേക്ക് നോക്കി ക്കൊണ്ടിരിക്കുകയാണ്. ഭൂമിയിലെ ഖജ നാവുകളുടെ താക്കോലുകൾ എനിക്ക് നൽകപ്പെട്ടിരിക്കുന്നു. അല്ലാഹുവാണ, എന്റെ ശേഷം നിങ്ങൾ ബഹുദൈവ വിശ്വാസികളാകുമെന്ന ഭയം എനിക്കില്ല. പക്ഷേ, ഐഹിക നേട്ടങ്ങൾക്കു വേണ്ടി നിങ്ങൾ പരസ്പരം മത്സരിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു' (ബുഖാരി). ഒന്നാ മത്തെ മുന്നറിയിപ്പ്. ദീനീബോധമുള്ള വർക്കും സംഭവിച്ചേക്കാവുന്ന അപകടം.

സൗകര്യങ്ങളും ഉണ്ടെന്നു വെച്ച് ഇഹ ലോക ജീവിതം തിന്നാനും കുടിക്കാനും ആസ്വദിക്കാനും മാത്രമുള്ളതാക്കാതെ, അവയുടെ പ്രലോഭനങ്ങൾക്കു മുമ്പിൽ കീഴടങ്ങാതെ അവ നൽകിയ നാഥന്റെ കൽപനയനുസരിച്ച് വിനിയോഗിച്ച് പരമ ലക്ഷ്യമായ പരലോകവിജയം നേടണമെ ന്നാണ് ഖുർആന്റെ ആഹ്വാനം. 'അല്ലാഹു നിനക്കു തന്നിട്ടുള്ള സമ്പത്തുകൊണ്ട് പാരത്രിക ഗേഹം നേടാൻ ശ്രമിക്കുക. എന്നാൽ ഈ ലോകത്ത് നിനക്കുള്ള പങ്ക് വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നന്മ ചെയ്തത് പോലെ നീയും നന്മ ചെയ്യുക. ഭൂമിയിൽ അധർമം പര ത്താൻ ശ്രമിക്കരുത്. അധർമികളെ അല്ലാഹു സ്നേഹിക്കുന്നില്ല' (*അൽ ഖസ്വസ്*: 77).

**പരലോകത്തേക്കുള്ള കൃഷിയിടം**

**ഇന്ന് ഉപഭോഗ സംസ്കാരം, ഭൗതികവാദിയുടെ അതേ ജീവിത നിലവാരത്തിലേക്കാണ് മുസ്‌ലിംകളെയും കൊണ്ടെത്തിച്ചത്. പ്രവാചകാധ്യാപനങ്ങൾക്ക് വിരുദ്ധമായി മുതലാളിത്തം അവരെ ഐഹിക സുഖസൗകര്യങ്ങളിൽ തന്നേക്കാൾ മുക ളിലുള്ളവരെ നോക്കാനും അവരോട് മത്സരിക്കാനും പഠിപ്പി ച്ചു. തന്റെ സമൂഹത്തിൽ അല്ലാഹുവിന്റെ പ്രവാചകൻ ഏറെ ഭയപ്പെട്ട ഭൗതിക പ്രമത്തതയും സുഖലോലുപതയും സത്യ മായി പുലർന്നിരിക്കുകയാണോ?**

സുഖലോലുപത, ഭൗതിക പ്രമത്തത, അത്യാർത്തി... വിശ്വാസിയെ ധിക്കാരിയും നിഷേധിയുമാക്കി മാറ്റിയേക്കാവുന്ന ദുർഗുണങ്ങൾ. പച്ചപിടിച്ച സസ്യലതാദി കളിൽ അഴിച്ചുവിടപ്പെട്ട കന്നുകാലിയെ പ്പോലെയാണ് ഭൗതിക സുഖസൗകര്യങ്ങ ളുടെ കാര്യത്തിൽ മനുഷ്യന്റെ അവസ്ഥ. അവ കൺമുന്നിൽ കാണുമ്പോൾ സ്വന്തത്തെ നിയന്ത്രിക്കാൻ അവന് കഴിഞ്ഞു കൊള്ളണമെന്നില്ല.

ഇഹലോകത്തോടുള്ള ആർത്തി പരലോകം കൊണ്ട് നിയന്ത്രിക്കുക. അഥവാ വിഹിതമായ മാർഗത്തിലൂടെ സമ്പാദിച്ച് മിതമായി ഉപയോഗിച്ച്, അല്ലാ ഹുവിന്റെ മാർഗത്തിൽ ചെലവഴിച്ച്, അവന്റെ വിധിവിലക്കുകൾക്ക് വിധേയ മായി ജീവിക്കുക. ഭൗതിക താൽപര്യ ങ്ങളും ഈമാനും തമ്മിൽ ഏറ്റുമുട്ടു മ്പോൾ ഈമാനിക താൽപര്യത്തെ മുറുകെ പിടിക്കുക. അതായിരിക്കണം വിശ്വാസികളുടെ രീതി. സമ്പത്തും സുഖ എന്ന നിലക്കാണ് ഇഹലോകത്തെ നോക്കിക്കാണേണ്ടത്. സാമ്പത്തിക സ്ഥിതിക്കൊത്ത വീടും വാഹനവും വസ്ത്രവുമെല്ലാം ഉണ്ടാകാം. പക്ഷേ, വാഹനമില്ലാതെ വലയുന്ന യാത്ര ക്കാർക്ക് മുമ്പിലൂടെ അഹങ്കാരത്തോടെ പൊടിപറത്തി, ചെളി തെറിപ്പിച്ച് പാറിപ്പ റന്ന് പോകുന്ന വാഹനമാകരുത്. വലിയ വീടുണ്ടാകാം. പക്ഷേ, ചെറ്റക്കൂരകൾക്കി ടയിൽ പ്രൗഢിയുടെയും അഹന്തയു ടെയും പ്രതീകമായി തലയുയർത്തി നിൽക്കുന്ന കൊട്ടാരങ്ങളാകരുത് അവ. അത്തരം വാഹനങ്ങളും വീടുകളും പിശാചിന്റെ താവളങ്ങളാണെന്ന് നബി(സ) പഠിപ്പിക്കുന്നു. അങ്ങനെയുള്ള സുഖാഡംബര പ്രേമികളായ ഭൗതിക പൂജകരുടെ ധൂർത്തിനെ ഇസ്‌ലാം രൂക്ഷ മായി വിമർശിക്കുകയും അത്തരം രമ്യ ഹർമങ്ങൾ മുൻതലമുറകൾക്ക് വരുത്തി വെച്ച വിനകളെക്കുറിച്ച് ഓർമപ്പെടുത്തു കയും ചെയ്യുന്നു. ധിക്കാരത്തിന്റെയും ധൂർത്തിന്റെയും സുഖലോലുപതയു ടെയും പര്യായമായി മാറിയ ഖാറൂനിന്റെ ദയനീയമായ അന്ത്യം ഖുർആൻ വിവരി ച്ചിട്ടുള്ളത് പിൻതലമുറകൾക്ക് പാഠമാകാ നാണ്.

സമ്പത്തും സുഖസൗകര്യങ്ങളും വിശ്വാസത്തിനു കളങ്കമേൽപിച്ചേക്കു മെന്നും നബി(സ) മുന്നറിയിപ്പു നൽകിയി ട്ടുണ്ട്: 'ഒരു ആട്ടിൻ കൂട്ടത്തിൽ അഴിച്ചു വിടപ്പെട്ട വിശന്നു വലഞ്ഞ രണ്ടു ചെന്നാ യ്ക്കൾ അവക്ക് വരുത്തിവെക്കുന്ന വിപത്ത് എത്ര വലുതായിരിക്കുമോ അതി നേക്കാൾ മാരകമായിരിക്കും സമ്പത്തി നോടും സ്ഥാനമാനങ്ങളോടുമുള്ള മനു ഷ്യന്റെ മോഹം അവന്റെ ദീനിനു വരു ത്തിവെക്കുന്ന വിപത്ത്' (തിർമുദി). 'എന്റെ ഉമ്മത്തിന്റെ മേൽ ഞാൻ ഏറ്റവും കൂടുതൽ ഭയപ്പെടുന്നത് ദേഹേഛയേയും അറ്റമില്ലാത്ത ആഗ്രഹങ്ങളേയുമാണ്. ദേഹേഛ അവനെ സന്മാർഗത്തിൽനിന്ന് തെറ്റിക്കും. അറ്റമില്ലാത്ത ആഗ്രഹങ്ങളാ കട്ടെ പരലോകത്തെ കുറിച്ച് അവനെ അശ്രദ്ധനാക്കും' (ബൈഹഖി). സമ്പത്തും സുഖസൗകര്യങ്ങളും വ്യക്തി കളുടെയും സമൂഹങ്ങളുടെയും സമൂല നാശത്തിനുതന്നെ കാരണമായേക്കും. അതിനാൽ അവയെ ലക്ഷ്യമാക്കുകയോ പൂവിട്ട് പൂജിക്കുകയോ അരുത്.

ഇന്ന് ഉപഭോഗ സംസ്കാരം, ഭൗതി കവാദിയുടെ അതേ ജീവിത നിലവാര ത്തിലേക്കാണ് മുസ്‌ലിംകളെയും കൊണ്ടെത്തിച്ചത്. പ്രവാചകാധ്യാപന ങ്ങൾക്ക് വിരുദ്ധമായി മുതലാളിത്തം അവരെ ഐഹിക സുഖസൗകര്യങ്ങളിൽ തന്നേക്കാൾ മുകളിലുള്ളവരെ നോക്കാനും അവരോട് മത്സരിക്കാനും പഠിപ്പിച്ചു. തന്റെ സമൂഹത്തിൽ അല്ലാഹു വിന്റെ പ്രവാചകൻ ഏറെ ഭയപ്പെട്ട ഭൗതിക പ്രമത്തതയും സുഖലോലുപ തയും സത്യമായി പുലർന്നിരിക്കുക യാണോ? ■

(തുടരും)